കഴിയില്ല. അതുകൊണ്ട് അത് ഗുണമാണോ ദോഷമാണോ ചെയ്യുന്നത് എന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഈ നിർദ്ദേശവും വന്നിരുന്നു. അത് ആലോചിച്ചതാണ്. പക്ഷേ, ഗവൺമെന്റ് തലത്തിൽ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ഇക്കാര്യത്തിൽ ചെയ്യും. അദ്ദേഹത്തിന്റെ പേരിൽ സംസ്ഥാനത്തുള്ള കേസുകൾ ഇവിടെത്തന്നെ വിചാരണ ചെയ്യുന്നതിനുള്ള അനുമതിയും ആവശ്യവും നമ്മൾ ഉന്നയിച്ചിട്ടുണ്ട്. പക്ഷെ അവിടുത്തെ കേസ് കഴിയാതെ അവർ വിടില്ല എന്നാണ് പറയുന്നത്. ഇവിടെ അദ്ദേഹത്തിന്റെ പേരിൽ ഉള്ള കേസുകൾ ഏതെങ്കിലും വിധത്തിൽ ഗുരുതരമായ സ്വഭാവമുള്ളതല്ല. സാധാരണ രീതിയിലുള്ള കേസുകൾ മാത്രമേയുള്ളു. പക്ഷേ, ആ കേസുകൾ വിസ്താരം ചെയ്യുന്നതിന്റെ പേരിൽ കേരളത്തിലേക്ക് ആക്കണമെന്നുള്ള ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. പക്ഷേ, അവിടെ കേസ് നടക്കുന്നു, പറ്റില്ല എന്നുള്ള സമീപനമാണ് അവർ എടുത്തിരിക്കുന്നത്.

VI റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ്

രാഷ്ട്രപതി നിർദ്ദേശിച്ച 10 ദൗത്യങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* രാഷ്ട്രപതി കേരള നിയമസഭയിൽ ചെയ്ത പ്രസംഗം ചരിത്ര മുഹൂർത്തം മാത്രമല്ല, കേരള വികസനത്തിന്റെ രജത രേഖകൂടിയാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി പ്രസിഡന്റ് നിർദ്ദേശിച്ച 10 ദൗത്യങ്ങളും ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട ഉത്തരവാദിത്വമാണ് നമുക്ക് ഏവർക്കും ഉള്ളത്. കേരളത്തിന്റെ അനന്തമായ വികസന സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് അവ വിജയകരമായി നടപ്പിലാക്കുന്നതിനുള്ള വ്യക്തമായ കാഴ്ചപ്പാടാണ് ഈ ദൗത്യങ്ങൾ. വികസന രംഗത്ത് നമ്മുടെ സാദ്ധ്യതകളും അവസരങ്ങളും മനസ്സിലാക്കാതെ മയങ്ങിക്കിടന്ന കേരളത്തെ രാഷ്ട്രപതി തന്റെ പ്രസംഗത്തിലൂടെ തട്ടി ഉണർത്തിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി രാഷ്ട്രപതി എത്രമാത്രം സമയം എടുത്തും കഠിനാദ്ധ്വാനം ചെയ്തുമാണ് ഈ നിർദ്ദേശങ്ങൾ തയ്യാറാക്കിയത് എന്ന് നമുക്കറിയാം. കേരളത്തോടുള്ള ഈ സ്നേഹത്തിനും പ്രത്യേക പരിഗണനയ്ക്കും കേരള ജനതയ്ക്കുവേണ്ടി ഞാൻ നന്ദി പ്രകടിപ്പിക്കുന്നു. ഈ പത്ത് ദൗത്യങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പ്ലാനിംഗ് ബോർഡിനോടും സെക്രട്ടറിമാരുടെ കമ്മിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. 2002-2003-ൽ 24000 രൂപയായിരുന്ന പ്രതിശീർഷവരുമാനം അടുത്ത മൂന്നു വർഷത്തിനുള്ളിൽ (2006-2009-ൽ) 50,000 രൂപയായി ഉയർത്തുക, 2002-2003-ൽ 80,000 കോടി രൂപയായിരുന്ന GDP ഈ കാലയളവിൽ 1,60,000 കോടി രൂപയായി വർദ്ധിപ്പിക്കുക, ഇതുമൂലം കേരളത്തിലെ അഭ്യസ്തവിദ്യർ ഉൾപ്പെടെയുള്ളവരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുക,

LIBRARY ARCHIVES Kerala Legislative Assembly

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരത്തിലും കൂടുതൽ അവസരം സൃഷ്ടിക്കലിലും കുതിച്ചുചാട്ടം നടത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പത്ത് ദൗത്യങ്ങൾ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റും എന്നതിൽ സംശയമില്ല. സാമൂഹ്യസേവന രംഗങ്ങളിൽ നാം നേടിയ ലോകോത്തര നേട്ടങ്ങൾക്ക് തുല്യമായി സാമ്പത്തിക വികസനമേഖലയിൽ നമ്മെ എത്തിക്കുവാൻ രാഷ്ട്രപതിയുടെ ഈ പത്തു ദൗത്യങ്ങൾ സഹായിക്കും എന്നെനിക്കുറപ്പുണ്ട്. ഇതിലൂടെ നമ്മൾ നേടുന്ന സാമ്പത്തിക അഭിവൃദ്ധിയിൽ സമൂഹത്തിലെ എല്ലാ തലത്തിലുമുള്ളവരും ഭാഗഭാക്ക് ആകുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. സാമ്പത്തിക വളർച്ചയും വികസനവും ഉറപ്പുവരുത്തിക്കൊണ്ട് ഈ ദൗത്യങ്ങൾ വിജയകരമായി നടത്തുമ്പോൾ സമൂഹത്തിൽ കരുതലും പ്രത്യേക പരിഗണനയും അർഹിക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തിയേ മതിയാകൂ. പാവപ്പെട്ടവരിൽ പാവങ്ങളായവരെ സംരക്ഷിക്കുവാനുള്ള ആശ്രയ പദ്ധതിയും കുടുംബ വരുമാനം വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ഉയർത്തുവാൻ വേണ്ടിയുള്ള കുടുംബശ്രീ പോലുള്ള പരിപാടികളും കൂടുതൽ ഫലപ്രദമായി മുമ്പോട്ടു കൊണ്ടുപോകണം. വളരെയേറെ സാമ്പത്തിക പ്രതിസന്ധികളെ നേരിടുന്ന പരമ്പാരഗത വ്യവസായങ്ങളെ നിലനിർത്തുവാനും ശക്തിപ്പെടുത്തുവാനും നമ്മൾ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ നട്ടെല്ലായ കാർഷിക മേഖല പല സാഹചര്യങ്ങളിലും പല കാരണങ്ങളാലും വെല്ലുവിളികൾ നേരിടുകയാണ്. കർഷകർക്ക് ആത്മവിശ്വാസം പകർന്നു നൽകുവാൻ ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും ന്യായമായ വരുമാനം ഉറപ്പുവരുത്തിയും കാർഷിക മേഖലയെ ശക്തിപ്പെടുത്തുവാനും സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിച്ചേ മതിയാകൂ. കേരളത്തിന്റെ സാമ്പത്തിക വികസന വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന രാഷ്ട്രപതിയുടെ പത്ത് ദൗത്യങ്ങളും അഭിപ്രായ സമന്വയത്തോടെ സമയബന്ധിതമായി നടപ്പിലാക്കണമെന്നാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. എല്ലാ തലങ്ങളിലും ഇത് സംബന്ധിച്ച് ചർച്ച നടത്തുന്നതാണ്. ഈ ചർച്ചയുടെ തുടക്കം രാഷ്ട്രപതി കേരളത്തിന് മാർഗ്ഗദർശനം നൽകിയ ഈ സഭയിൽ നിന്ന് തന്നെയായിരിക്കണമെന്നതാണ് എന്റെ ആഗ്രഹം. പ്രശ്നങ്ങളുണ്ട്; ധാരാളം പ്രതിബന്ധങ്ങൾ ഉണ്ടാകാം. പക്ഷേ, രാഷ്ട്രപതി ഈ ചർച്ചയിൽ പറഞ്ഞതുപോലെ " But great leaders of Kerala will definitely defeat problems and succeed. The problem will vanish, if the mission is taken as bigger than individuals or the organisations." ഇനി ഒരു തലമുറയേയും ദാരിദ്ര്യത്തിലേക്കോ തൊഴിലില്ലായ്മയിലേക്കോ തള്ളിവിടാതിരിക്കുവാനും കേരളത്തിന്റെ സമഗ്രമായ പുരോഗമനത്തിനുവേണ്ടിയും ദൃഢനിശ്ചയത്തോടെ നമുക്ക് ഒരുമിച്ച് കൈകോർക്കാം. രാഷ്ട്രപതിയുടെ ഈ ദൗത്യങ്ങൾ ചരിത്രപരമായ ഒരു നിയോഗമായി നമുക്ക് ഏറ്റെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ ബഹുമാനപ്പെട്ട പ്രസിഡന്റ് നടത്തിയ പ്രഖ്യാപനത്തിൽ ഇതിനെ സംബന്ധിച്ച് കേരളമാകെ ഈ ഉജ്ജ്വലമായ നിർദ്ദേശത്തിന്റെ പിന്നിൽ അണിനിരക്കുന്നതിന് സഹായകരമായ നിലയിൽ ഗവൺമെന്റ് ഭരണ -- പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇതൊരു ചർച്ചയ്ക്ക് അവസരമുണ്ടാക്കണമായിരുന്നു. അത് ഈ സഭയിലാണോ ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതോ അതിനുവേണ്ടി പ്രത്യേക സമ്മേളനം നടത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ അമൂല്യങ്ങളായ 10 നിർദ്ദേശങ്ങളോടൊപ്പംതന്നെ ഈ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. നമ്മുടെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രശ്നം, അതുപോലെതന്നെ കൃഷിക്കാരുടെ പ്രശ്നം, ഈ വിട്ടുപോയ പ്രശ്നങ്ങൾകൂടി ചേർത്ത് ഇത് കുറച്ചുകൂടി സജീവമായിട്ടുള്ള നിലയിൽ കൊണ്ടുവരാനും പ്രതിപക്ഷങ്ങളുമായിട്ടുകൂടി ചർച്ച നടത്തി, അത് കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം പൂർണ്ണമായും എന്റെ പ്രസ്താവനയ്ക്കകത്തു തന്നെയുണ്ട്. 10+3 ആണ് പ്രസിഡന്റിന്റെ ആ പത്തിന പരിപാടികൾ. അത് സാമ്പത്തിക വളർച്ചയ്ക്കും കേരളത്തിന്റെ വികസനത്തിനും ഒരു കുതിച്ചുചാട്ടം, മൂന്നുവർഷം കൊണ്ട് ഇരട്ടി വളർച്ചയാണ് നമ്മൾ ഉണ്ടാക്കേണ്ടത്. അതൊരു കുതിച്ചുച്ചാട്ടമാണ്. അതിനു സഹായകരമായിട്ടുള്ള വിധത്തിൽ ആ പത്ത് പരിപാടികൾ നടപ്പിലാക്കുമ്പോൾ തന്നെ സമൂഹത്തിൽ പ്രത്യേക പരിഗണന വേണ്ട മൂന്നു വിഭാഗങ്ങൾ ഒന്ന്, ഇന്ന് പട്ടിണി കിടക്കുന്ന പാവങ്ങളിൽ പാവങ്ങളായിട്ടുള്ള വിഭാഗം, അവരുടെ പ്രശ്നങ്ങൾ, അതോടൊപ്പംതന്നെ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയും അതിന്റെ കാര്യക്ഷമതയും ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുപോലെ ഈ സംസ്ഥാനത്തെ ഏറ്റവും വലിയ ഘടകം കാർഷികമേഖലയാണ്. അപ്പോൾ ഈ പത്തു പരിപാടികൾ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും വേണ്ടി ലക്ഷ്യമിട്ട് പോകുമ്പോൾത്തന്നെ ഈ മൂന്നു കാര്യങ്ങളിലും നമ്മൾ ശ്രദ്ധ കേന്ദ്രീകരിച്ചു പോകണമെന്നുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിനകത്ത് അതുവളരെ വ്യക്തമായിട്ടുണ്ട്. ചർച്ച ഈ സെഷനിൽത്തന്നെ നടത്തണം. കാരണം നമുക്ക് സമയം കളയാനില്ല. നമ്മൾ വളരെ വേഗത്തിൽ മുന്നോട്ട് പോകണം. അതുകൊണ്ട് അങ്ങ് വിളിച്ചുകൂട്ടി ഒരു സമയം കണ്ടെത്തി ഈ സെഷനിൽത്തന്നെ ഒരു ഫുൾഡേ ഡിസ്കഷൻ ഉണ്ടാകണം. പ്രതിപക്ഷവും പൂർണ്ണമായി സഹകരിക്കണം. കേരളത്തേയും കേരളത്തിലെ ജനങ്ങളേയും ബാധിക്കുന്ന പ്രശ്നം പ്രതിപക്ഷം കൂടി സമ്മതിക്കുമെങ്കിൽ എല്ലാപേരും കാണട്ടെ, ലൈവ് ടെലികാസ്റ്റും നടത്തി കേരളത്തിലെ മുഴുവൻ ജനങ്ങളേയും

ബാധിക്കുന്ന അവരുടേതായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത് പ്രത്യേകിച്ചും ഭരണപക്ഷവും പ്രതിപക്ഷവും കൈകോർക്കുന്നത് കാണാനുള്ള സൗഭാഗ്യം കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടാകുന്നതിനുള്ള അവസരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: കേരളത്തിന്റെ വികസന കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും എന്നതിനേക്കാൾ ഉപരി ജനപക്ഷം എന്ന നിലയ്ക്കുള്ള ഒരു പുതിയ കാഴ്ചപ്പാട് എല്ലാപേരും ഉൾകൊള്ളാൻ തയ്യാറായാൽ നമുക്ക് അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാൻ കഴിയും. അതിനുള്ള ഈ തുടക്കത്തിൽ എല്ലാപേരും സൗഹൃദപൂർണ്ണമായ ഒരു അന്തരീക്ഷം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

VII റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, എട്ട് ബില്ലുകൾ അടുത്ത ദിവസം വരേണ്ടുന്ന വിധത്തിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ലോക്കൽ ബോഡീസിന്റെ ഭാഗമായിട്ടുള്ളതാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പക്ഷേ, ഭേദഗതി കൊടുക്കേണ്ട സമയം ഇന്ന് 3 മണി വരെയാണ്. ഞങ്ങൾ ഇന്നു രാവിലെ കവർ കണ്ടതേയുള്ളൂ. ബില്ലെല്ലാം ചെറുതായിരിക്കാം. ഭേദഗതി സമർപ്പിക്കാൻ നാളെ രാവിലെ വരെ സമയം തരണം. നാളെ സപ്ലിമെന്ററി ഡിമാന്റ്സ് മാത്രമേയുള്ളൂ.

മി. സ്പീക്കർ: ഇത് നേരത്തെ കൊടുത്തിരുന്നു. ഇതിൽ സമയം ന്യായമായും നീട്ടാൻ വിരോധമില്ല. നാളത്തേക്കുവച്ചാൽ ലെജിസ്ലേച്ചറിന് വളരെ ബുദ്ധിമുട്ടാകും. ഇതെല്ലാം അച്ചടിച്ചെടുക്കണം. അതുകൊണ്ട് 3 മണി എന്നുള്ളത് ആറ് മണി വരെയാക്കാം.

ശ്രീ കോടിയേരി ബാലകൃഷ്ണൻ: സർ, നാളെ സപ്ലിമെന്ററി ഡിമാന്റ് സാണ്. അതുകൊണ്ട് നാളെ 11 മണി വരെ കൊടുത്താൽ സൗകര്യമായിരിക്കും. ലെജിസ്ലേച്ചറിന് വിഷമം ഉണ്ടായിരിക്കാം.

മി. സ്പീക്കർ: നാളെ 10 മണിവരെ സമയം തരാം.

LIBRARY ARCHIVES Kerala Legislative Assembly